പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2625 — 19.12.2012ൽ മറുപടിയ്ക്ക്

# ബേപ്പൂർ നിയോജകമണ്ഡലത്തിലെ കടൽഭിത്തികളുടെ നവീകരണം

ചോദ്യം : ശ്രീ. എളമരം കരീം

ഉത്തരം: ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ കടലുണ്ടി, ചാലിയം, ബേപ്പൂർ, മാറാട് ഭാഗങ്ങളിൽ കടൽഭിത്തികൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ബി) ബേപ്പൂർ നിയോജകമണ്ഡലത്തിലെ കടലുണ്ടി, കപ്പലങ്ങാടി, മാറാട്, ബേപ്പൂർ ഭാഗങ്ങളിൽ നിലവിൽ കാലപ്പഴക്കം മൂലം കേടുപാടുകൾ വന്ന കടൽഭിത്തികൾ ഇനിയും നവീകരിക്കേണ്ടതുണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി ഗോതീശ്വരം ഭാഗത്ത് 200 മീറ്റർ നീളത്തിൽ കടൽഭിത്തി നവീകരണ പ്രവൃത്തി ഏറ്റെടുത്ത് പൂർത്തിയാക്കിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കപ്പലങ്ങാടി ഭാഗത്ത് 180 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.<br>ഈ സാമ്പത്തിക വർഷത്തിൽ (2012-2013) ബേപ്പൂർ നിയോജകമണ്ഡലത്തിലെ കടലുണ്ടി, ചാലിയം, ബേപ്പൂർ, മാറാട് ഭാഗങ്ങളിൽ കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾക്കായി 62 ലക്ഷം രൂപയുടെ ചുവടെ ചേർക്കുന്ന 4 പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്.<br>1. കടലുണ്ടി പഞ്ചായത്തിൽ വാക്കടവിൽ 90 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾ - 15 ലക്ഷം രൂപ<br>2. കോഴിക്കോട് കോർപ്പറേഷനിൽ മാറാട് കടൽഭിത്തിയുടെ 120 മീറ്റർ |

നീളത്തിൽ അറ്റകുറ്റപ്പണി -

20 ലക്ഷം രൂപ

3. കടലുണ്ടി പഞ്ചായത്തിൽ കപ്പല ങ്ങാടി കടൽഭിത്തിയുടെ 50 മീറ്റർ നീളത്തിൽ അറ്റകുറ്റപ്പണി -

12 ലക്ഷം രൂപ

4. കടലുണ്ടി പഞ്ചായത്തിൽ കപ്പല ങ്ങാടി കടൽഭിത്തിയുടെ 90 മീറ്റർ നീളത്തിൽ അറ്റകുറ്റപ്പണി -

15 ലക്ഷം രൂപ

മേൽ പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ ഏറ്റെടുത്ത് നടപ്പാക്കാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ